# തഫ്ഹീമുൽ അഹാദീസ്




**സയ്യിദ്** അബുൽ അഅ്‌ലാ മൗദൂദിയുടെ ഹദീസ് വിശദീകരണ ഗ്രന്ഥമാണ് തഫ്ഹീമുൽ അഹാദീസ്. അഞ്ച് വാല്യങ്ങളുള്ള ഈ ബൃഹദ് കൃതിയിൽ ഹദീസുകൾ വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ച് വിശദീകരിച്ചിരിക്കുന്നു.

സയ്യിദ് മൗദൂദി വിഖ്യാതമായ തഫ്ഹീമുൽ ഖുർആന്റെ മാതൃകയിൽ ഒരു ഹദീസ് വിശദീകരണ ഗ്രന്ഥം തയാറാക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പക്ഷേ, ഗ്രന്ഥം തയാറാക്കും മുമ്പ് അദ്ദേഹം രോഗിയായി. പിന്നീട് ഉദ്ദിഷ്ട രീതിയിൽ ഗ്രന്ഥരചന നടത്താനാവും വിധം അദ്ദേഹത്തിന് രോഗമുക്തി ലഭിച്ചില്ല. തഫ്ഹീമുൽ അഹാദീസ് എന്ന ലക്ഷ്യം പൂർത്തീകരിക്കാതെയാണ് അദ്ദേഹം അല്ലാഹുവിലേക്ക് യാത്രയായത്.

മൗദൂദിയുടെ മരണശേഷം, സഹപ്രവർത്തകൻ ഖലീൽഹാമിദി തഫ്സീറുൽ അഹാദീസിനെക്കുറിച്ച് ചിന്തിക്കുകയും പ്രസ്തുത ദൗത്യം പണ്ഡിതശ്രേഷ്ഠനായ മൗലാനാ അബ്ദുൽ വകീൽ അലവിയെ ഏൽപിക്കുകയും ചെയ്തു. അബ്ദുൽ വകീൽ അലവി, സയ്യിദ് മൗദൂദിയുടെ തഫ്ഹീമുൽ ഖുർആനിലും മറ്റുചില പുസ്തകങ്ങളിലും വിവിധ സന്ദർഭങ്ങളിൽ ഉദ്ധരിച്ച് വിശദീകരിച്ചിട്ടുള്ള ഹദീസുകൾ സമാഹരിക്കുകയും ആവശ്യമായ എഡിറ്റിംഗ് നടത്തി ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കുകയുമാണ് ചെയ്തത്. മുഖ്യമായും തഫ്ഹീമുൽഖുർആനിൽ വിവിധ ആയത്തുകളുടെ വ്യാഖ്യാനത്തിൽ മൗദൂദി ചേർത്തിട്ടുള്ള ഹദീസുകളും അവക്ക് മൗദൂദി തന്നെ നൽകിയ വിശദീകരണങ്ങളുമാണ് തഫ്ഹീമുൽ അഹാദീസിന്റെ ഉള്ളടക്കം. തഫ്ഹീമുൽ ഖുർആന്റെ ആറുവാല്യങ്ങളിൽനിന്നും ഹദീസുകൾ ശേഖരിക്കുക, അവ വിഷയാധിഷ്ഠിതമായി ക്രോഡീകരിക്കുക, വിവിധ സ്ഥലങ്ങളിൽ മൗദൂദി അവക്കു നൽകിയിട്ടുള്ള വിശദീകരണങ്ങൾ വൈരുധ്യമില്ലാത്തവിധം സമാഹരിക്കുക, മൂലകൃതികൾ പരിശോധിച്ച് ഹദീസുകൾ ഏത് അധ്യായത്തിൽ ഏത് തലക്കെട്ടിനു കീഴിലാണെന്നും കണ്ടെത്തുക, ഹദീസുകളുടെ ബലാബലം പഠിച്ച് കുറിപ്പുകൾ തയാറാക്കുക തുടങ്ങിയ ശ്രമകരമായ ദൗത്യങ്ങളെല്ലാം നിർവഹിച്ചിരിക്കുന്നു അബ്ദുൽ വകീൽ അലവി.

ഒന്നാം വാല്യത്തിന്റെ തുടക്കത്തിൽ ഹദീസ് വിജ്ഞാനീയങ്ങളെ സംബന്ധിച്ച ഗൗരവപ്പെട്ട ഒരു പഠനമുണ്ട്. ഖുർആനും ഹദീസും തമ്മിലുള്ള ബന്ധം, ഹദീസ് രേഖപ്പെടുത്തൽ, ഹദീസ് നിവേദനം, ക്രോഡീകരണം, പ്രമുഖ ഹദീസ്നിവേദകർ തുടങ്ങിയ വിഷയങ്ങൾ പതിനാറ് തലക്കെട്ടുകളിലായി വിശദീകരിച്ചിരിക്കുന്നു. മുപ്പതുപേജുകളോളമുണ്ടിത്.

ഒന്നാം ഭാഗത്തിൽ തൗഹീദാണ് വിഷയം. ഏഴ് അധ്യായങ്ങളിലായി തൗഹീദിന്റെ വിവിധവശങ്ങൾ പ്രതിപാദിക്കുന്ന ഹദീസുകളാണുള്ളത്. തൗഹീദ്, അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ, അസ്മാഉൽ ഹുസ്ന, ശിർക്ക്, ഖദ്ർ, അല്ലാഹുവിന്റെ അസ്തിത്വം, അന്ത്യദിനത്തിൽ അല്ലാഹുവിനെ ദർശിക്കൽ എന്നിങ്ങനെയാണ് വിഷയക്രമം.

രണ്ടാം വാല്യത്തിൽ രിസാലത്ത്, പ്രവാചകത്വം, ആഖിറത്ത് എന്നിവയാണ് ചർച്ചാവിഷയങ്ങൾ. വഹ്‌യ്, ഈമാന്റെ പൂർത്തീകരണത്തിന് നബി(സ)യെ പിന്തുടരേണ്ടതിന്റെ ആവശ്യകത, പീഡനങ്ങളുടെ ഘട്ടം, പ്രവാചകന്റെ സ്വഭാവസവിശേഷതകൾ, പ്രവാചകത്വ പരിസമാപ്തി, മിഅ്റാജ്, ഈസായുടെ ആഗമനം, മറ്റുചില വിശദാംശങ്ങൾ എന്നിങ്ങനെ എട്ടു ഉപാധ്യായങ്ങളിലാണ് പ്രവാചകത്വം ചർച്ച ചെയ്തിട്ടുള്ളത്. അന്ത്യദിനത്തിന്റെ അടയാളങ്ങൾ, മരണം-ബർസഖീ ജീവിതം, മഹ്ശർ, സ്വർഗം എന്നിങ്ങനെ നാല് ഉപശീർഷകങ്ങളാണ് പരലോകം എന്ന അധ്യായത്തിലുള്ളത്.

മൂന്നാം വാല്യം നമസ്കാരം മാത്രമാണ് കൈകാര്യം ചെയ്തിട്ടുള്ളത്. രണ്ട് പ്രധാന അധ്യായങ്ങളിൽ ആദ്യ അധ്യായത്തിൽ 16 ഉപശീർഷകങ്ങളിലായി ശുദ്ധീകരണവും നമസ്കാരത്തിലെ വിവിധ കർമങ്ങളും പ്രാർഥനകളും മറ്റുകർമങ്ങളും വിശദീകരിച്ചിരിക്കുന്നു. രണ്ടാം അധ്യായത്തിൽ പത്ത് തലക്കെട്ടുകളുണ്ട്. നമസ്കാരവുമായി ബന്ധപ്പെട്ട അഭിപ്രായ ഭിന്നതകളുള്ള വിഷയങ്ങളെക്കുറിച്ച ഹദീസുകളാണതിൽ ചർച്ച ചെയ്തിട്ടുള്ളത്. നോമ്പും ഹജ്ജുമാണ് നാലാം വാല്യത്തിലെ പ്രതിപാദ്യം. നോമ്പിനെക്കുറിച്ച് പത്ത് ഉപാധ്യായങ്ങളിലും ഹജ്ജിനെ സംബന്ധിച്ച് ആറ് ഉപാധ്യായങ്ങളിലും ഹദീസുകൾ ക്രോഡീകരിച്ചിരിക്കുന്നു.

അഞ്ചാംവാല്യത്തിൽ സാമൂഹിക ജീവിതവും ശിക്ഷാവിധികളും ചർച്ച ചെയ്തിരിക്കുന്നു. വിവാഹം, കുടുംബം അനുബന്ധ വിഷയങ്ങൾ എന്നിവ 22 ശീർഷകങ്ങളിലും, കുറ്റകൃത്യങ്ങൾ ശിക്ഷാ നടപടികൾ മുതലായവയെക്കുറിച്ച ഹദീസുകൾ പതിനൊന്ന് ശീർഷകങ്ങളിലും ചർച്ചചെയ്തിട്ടുണ്ട്.

ആദ്യം ഹദീസ് ഉദ്ധരിക്കുന്നു. ശേഷം ഉർദുവിൽ പരിഭാഷ നൽകിയിരിക്കുന്നു. തുടർന്ന് പശ്ചാത്തലവിവരണം, ബലാബല പരിശോധന, വിശദീകരണം തുടങ്ങിയവ ചേർത്തിരിക്കുന്നു. ഇതാണ് രചനയുടെ ശൈലി. പണ്ഡിതന്മാർക്കും സാധാരണക്കാർക്കും ഏറെ പ്രയോജനകരമാണ് ഈ കൃതി.